**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5083** | **27.06.2019-ൽ മറുപടിക്ക്**

**മടിക്കൈ പഞ്ചായത്തിൽ പള്ളിക്ക് തീ വെച്ച സംഭവം**

| **ചോദ്യം**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) കാസർകോട് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ എരിക്കുളം എന്ന സ്ഥലത്ത് ഈ വർഷമാദ്യം പള്ളിക്ക് തീ വെച്ച സംഭവം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) എരിക്കുളം എന്ന സ്ഥലത്തുള്ള മസാലിഹുൽ ഇസ്ലാം പള്ളിയിലെ വരാന്തയിലുള്ള കാർപ്പെറ്റും, മേശയും മറ്റും തീ വച്ച് നശിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. |
| (ബി) എങ്കിൽ എപ്പോഴാണ് ഈ സംഭവം ഉണ്ടായതെന്നും പോലീസ് കേസ് എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;<br>(സി) ഏത് പോലീസ് സ്റ്റേഷനിലാണ് ക്രൈം രജിസ്റ്റർ ചെയ്യപ്പെട്ടതെന്നും അതിന്റെ നമ്പർ എത്ര യാണെന്നും ഏത് സെക്ഷൻ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തത് എന്നും വ്യക്തമാക്കാമോ; | (ബി) യും (സി) യും 22.01.2019 തീയതി രാത്രി 10 മണിയ്ക്കും 23.01.2019 തീയതി രാവിലെ 2 മണിയ്ക്കും ഇടയ്ക്കുള്ള സമയത്താണ് ഈ സംഭവം ഉണ്ടായത്. നീലേശ്വരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 44/2019 U/s 436 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) പ്രസ്തുത കേസ്സിലെ പരാതിക്കാരൻ ആരാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) ടി പള്ളിയിലെ ഉസ്താത് മുഹമ്മദ് ഹനീഫ് പി.ഐ.എസ് ആണ് പ്രസ്തുത കേസിലെ പരാതിക്കാരൻ. ടി കേസിലെ പ്രതികളെ കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടില്ല. |
| (ഇ) കേസ്സിന്റെ അന്വേഷണ ചുമതല ആർക്കാണെന്നും കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ഡി) കേസിന്റെ അന്വേഷണ ചുമതല നീലേശ്വരം പോലീസ് ഇൻസ്പെക്ടർക്കാണ്. നിലവിൽ കേസിന്മേൽ അന്വേഷണം ഊർജിതമായി നടന്നു വരികയാണ്. പ്രതികളെക്കുറിച്ച് സൂചന ലഭിച്ചിട്ടില്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**